**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1511**

**10-02-2020-ൽ മറുപടിക്ക്**

## ചാത്തൻചാൽ, പറയൻതോട് സംരക്ഷണ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.ബി.ഡി.ദേവസ്സി**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ, പറയൻതോട് എന്നീ ജലസ്രോതസ്സുകളുടെ സംരക്ഷണ-നവീകരണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) യും (ബി) യും | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മണ്ഡലത്തിലെ ജലസ്രോതസ്സായ ചാത്തൻചാലിന്റെ നവീകരണ പ്രവൃത്തികൾക്കായി നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 25-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 727 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. പറയൻതോടിന്റെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്കായി ലഭ്യമായ നിവേദനത്തിന്മേൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | ഇതിനായി അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ